**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.**1192** — 05.03.2020 -ൽ മറുപടിയ്ക്ക്

**മൂന്നിയൂർ, പള്ളിക്കൽ വില്ലേജുകളുടെ വിഭജനം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. : | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) വള്ളിക്കുന്ന് മണ്ഡലത്തിലെ മൂന്നിയൂർ, പള്ളിക്കൽ വില്ലേജുകൾ വിഭജിക്കുന്നത് സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മിഷണറുടെ റിപ്പോർട്ട് സെക്രട്ടേറിയറ്റിലെ റവന്യൂ വകുപ്പിൽ ലഭിച്ചത് എന്നാണ് എന്ന് വ്യക്തമാക്കാമോ ;<br><br>(ബി) ഇത് സംബന്ധിച്ച നടപടികളുടെ പുരോഗതി ഫയൽ നമ്പർ സഹിതം വെളിപ്പെടുത്താമോ ; | (എ) യും (ബി) യും | പ്രസ്തുത വിഷയം സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് 5-10-2019-ൽ ലഭിക്കുകയും, സംസ്ഥാനത്തെ വില്ലേജുകളിലെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തിര പ്രാധാന്യം നല്കി വിഭജന നടപടികൾ തുടർന്നുവന്നിരുന്നുവെങ്കിലും സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് വില്ലേജ് വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ലാത്തതിനാൽ പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തീകരിയ്ക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണെന്ന് REV-F1/252/2019-REV നമ്പർ ഫയലിൽ തീരുമാനിയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) 2020-ൽ സംസ്ഥാനത്തെ ഏതൊക്കെ വില്ലേജുകളെ വിഭജിച്ച് പുതിയ വില്ലേജുകൾ രൂപീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ; | (സി) | കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്കിൽപ്പെട്ട പഡ്രെ ഗ്രൂപ്പ് വില്ലേജിനെ പഡ്രെ, കാട്ടുകുക്കെ എന്നീ സ്വതന്ത്ര വില്ലേജുകളായി വിഭജിച്ചു. |
| (ഡി) മെച്ചപ്പെട്ട ഭരണനിർവഹണം സാധ്യമാക്കുന്നതിനായി മൂന്നിയൂർ, പള്ളിക്കൽ വില്ലേജുകൾ വിഭജിക്കുന്ന നടപടി ത്വരിതപ്പെടുത്തുമോ എന്ന് അറിയിക്കാമോ? | (ഡി) | പരിശോധിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**